ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ചാരിറ്റബിൾ എന്നു പറഞ്ഞുകൊണ്ട് അത് പുതപ്പിച്ചിട്ട് സ്വകാര്യവൽക്കരണം. അതല്ലേ ഉദ്ദേശം?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ഒരു തരത്തിലും സ്വകാര്യവ്യക്തികൾക്ക് ഇതിൽ പ്രാധാന്യം കൊടുക്കുകയില്ല. പൂർണ്ണമായും ഗവൺമെന്റ് നിയന്ത്രണത്തിലുള്ള ആട്ടോണമസ് ബോഡിയായിരിക്കും.

(2) ദേവികുളം മൂന്നാർ പ്രദേശങ്ങളിലുണ്ടായ മലയിടിച്ചിലിലും ഉരുൾപൊട്ടലിലും ദുരിതം അനുഭവിക്കുന്നവർക്ക് സഹായം നൽകണമെന്ന ആവശ്യം

ശ്രീ. എ. കെ. മണി: ഇത് ശ്രദ്ധക്ഷണിക്കലിനുവേണ്ടി കൊടുത്തിരുന്നതാണ്. കാലവർഷംമൂലം ഇടുക്കി ജില്ലയാകെ വെള്ളത്തിനടിയിലാണ്. ചെകുത്താനെ ഭൂതം പിടികൂടിയപോലെയാണ് മൂന്നാറും ഇടുക്കി ജില്ലയും മഴവെള്ളത്തിനടിയിൽ ആയിരിക്കുന്നത്. ഒരാഴ്ചയ്ക്കുമുൻപ് മൂന്നാറിൽ ഉണ്ടായ സംഭവങ്ങളാണിത്. മൂന്നാറുമായി ബന്ധപ്പെടുന്ന റോഡുകളെല്ലാം ബ്ലോക്കായിരിക്കുന്നു. പീരുമേട്-തേക്കടി-മൂന്നാർ റോഡ്, തൊടുപുഴ-പുളിയമല റോഡ്, ആലുവ-മൂന്നാർ റോഡ്, കോയമ്പത്തൂർ-മൂന്നാർ റോഡ് അങ്ങനെ മൂന്നാറുമായി ബന്ധപ്പെട്ട എല്ലാ റോഡുകളും ബ്ലോക്കാണ്. ആളുകൾ വളരെയധികം ബുദ്ധിമുട്ടിലാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, പ്രതിപക്ഷ ഉപനേതാവ്, ബഹുമാനപ്പെട്ട മന്ത്രിമാരായ ശ്രീ. സി. എഫ്. തോമസ്, ശ്രീ. അടൂർ പ്രകാശ്, ശ്രീ. എ. പി. അനിൽകുമാർ, എം.എൽ.എ.മാരായ ശ്രീ. ബിനോയ് വിശ്വം, ശ്രീ. ഇ. എം. അഗസ്തി, ശ്രീ. കെ. കെ. ജയചന്ദ്രൻ, ശ്രീ. റോഷി അഗസ്റ്റിൻ എന്നിവരും വന്നിരുന്നു. സർക്കാറിന്റെ എല്ലാ വകുപ്പുകളും ദുരിതാശ്വാസ പ്രവർത്തനത്തിലേർപ്പെട്ട് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പോലീസ്, ഫയർ ഫോഴ്സ്, പട്ടാളം, പി. ഡബ്ല്യു. ഡി, ഇലക്ട്രിസിറ്റി ബോർഡ്, റവന്യൂ ഡിപ്പാർട്ടുമെന്റ്, ഹെൽത്ത് ഡിപ്പാർട്ടുമെന്റ് തുടങ്ങിയ ഡിപ്പാർട്ടുമെന്റുകൾ 24 മണിക്കൂറും പ്രവർത്തിക്കുകയാണ്. എങ്കിൽപ്പോലും ഇപ്പോഴും ആ സ്ഥിതി തുടരുകയാണ്. ഞാൻ ഇപ്പോൾ വിളിച്ചു ചോദിച്ചപ്പോഴും അവിടെ ഭയങ്കര വെള്ളമാണെന്നാണ് പറയുന്നത്. കൂടാതെ, 578 പേർ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുകയാണ്. 418 വീടുകൾ തകർന്നുപോയിരിക്കുകയാണ്. ബഹുമാനപ്പെട്ട സി. കെ. നാണു വന്നിരുന്നു. അവരോടൊക്കെ എനിക്ക് നന്ദിയുണ്ട്. ഇത്രയും ചെയ്തെങ്കിൽപ്പോലും ആളുകൾ വളരെ ഭയപ്പാടിലാണ്. 4 ക്യാമ്പുകളിലായി മൊത്തം 587 ആളുകൾ കഴിയുകയാണ്. മാങ്കുളം ആദിവാസിമേഖല മൊത്തം തകർന്നിരിക്കുകയാണ്. അവിടുത്തെ പാലം തകർന്നിരിക്കുകയാണ്. ആദിവാസികൾക്ക് ചെന്നെത്താൻ പറ്റാത്ത സാഹചര്യമാണ് ഇപ്പോഴും നിലവിലുള്ളത്. ആദിവാസികളെ പ്രത്യേകം ദുരിതാശ്വാസ ക്യാമ്പിൽ താമസിപ്പിച്ചിരിക്കുകയാണ്. മാങ്കുളത്തുള്ള എല്ലാ സ്ഥലങ്ങളും, മൂന്നാറും

LIBRARY ARCHIVES Kerala Legislative Assembly

തകർച്ചയിലാണ്. ബഹുമാനപ്പെട്ട ഗവൺമെന്റ് എല്ലാ കാര്യങ്ങളും ചെയ്യുന്നെങ്കിലും ദുരിതാശ്വാസ പ്രവർത്തനങ്ങൾ കുറേക്കൂടി ശക്തമാക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. വീട് നഷ്ടപ്പെട്ട ആളുകൾ ഒരുപാട് ഉണ്ട്. തകർന്ന മൂന്നാർ കോളേജ് പ്രവർത്തിക്കാൻ പറ്റാത്ത സാഹചര്യത്തിലാണ്. എത്ര ദിവസത്തെ അവധി കൊടുക്കണമെന്ന കാര്യംകൂടി നമ്മൾ ചിന്തിക്കേണ്ടതാണ്. ഇവിടെ അതിന് മതിയായ സ്ഥലങ്ങളില്ല. കെ.എ.പി. ക്യാമ്പിൽ കാലങ്ങളായി ഒഴിഞ്ഞുകിടക്കുന്ന ഈ കോളേജ് പ്രവർത്തിപ്പിക്കുവാൻവേണ്ടിയുള്ള നടപടി മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. എപ്പോഴാണ് വലിയ ഭൂകമ്പം ഉണ്ടാകുകയെന്നോർത്ത് ജനങ്ങൾ ഭയപ്പാടിലാണ്. മൂന്നാറിലെ തൊഴിലാളികളെല്ലാം ജോലിയില്ലാതെ നിൽക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് ഫ്രീ റേഷൻ ഒരാഴ്ചത്തേക്കെങ്കിലും കൊടുക്കാൻ ഞാൻ ആവശ്യപ്പെട്ടു. ആവശ്യമാണെങ്കിൽ അത് പരിഗണിക്കുമെന്ന് പറഞ്ഞിരിക്കുകയാണ്. ഒരാഴ്ചത്തേതുകൊണ്ട് നിൽക്കുകയില്ല. മൂന്നാറിനുവേണ്ടി, ഇടുക്കിക്കുവേണ്ടി എല്ലാ സഹായവും എത്തിച്ചുതരാൻ ഗവൺമെന്റ് തയ്യാറാകണം. ഇടുക്കി ജില്ല മൊത്തം ദുരിതബാധിത ജില്ലയായി പ്രഖ്യാപിക്കാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകണം എന്നാണ് എനിക്ക് പറയാനുള്ളത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട 5 മെമ്പർമാർ ഇതുമായി ബന്ധപ്പെട്ട് സബ്മിഷൻ തന്നിട്ടുണ്ട്. അതിന് ഒന്നിച്ച് മറുപടി പറയുകയാണോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: മുല്ലപ്പെരിയാർ ഡാമിന്റെ പുട്ടിയൊക്കെ ഇളകി ലീക്കേജുണ്ടെന്ന് ഇന്ന് പത്രങ്ങളൊക്കെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വളരെ ഗ്രേവായ സ്ഥിതിവിശേഷം ഇതിന്റെ പിറകിലുണ്ട്. അതുകൊണ്ട് ഒന്നിച്ച് മറുപടി പറയുന്നതിൽ തെറ്റില്ല. വളരെ പ്രധാനപ്പെട്ട കാര്യം എന്നുള്ള നിലയിൽ എല്ലാവർക്കും പറയാനുള്ള അവസരം കൊടുക്കണം. അതു കഴിഞ്ഞുള്ള നിയമനിർമ്മാണം മതി.

ശ്രീ. എ. സി. ഷൺമുഖദാസ്: ഇടുക്കി ജില്ലയിലെ പ്രശ്നങ്ങൾക്ക് പ്രത്യേക പരിഗണന നൽകണം. രണ്ട് കുട്ടികൾ മരിച്ചതാണ്. മുഖ്യമന്ത്രി ആ സ്ഥലത്ത് പോയതാണ്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* ഇപ്രാവശ്യത്തെ കാലവർഷത്തിൽ ഏറ്റവും കൂടുതൽ നാശനഷ്ടമുണ്ടായത് മൂന്നാറിലാണ്. എട്ട് പേർ മരിച്ചു. 323 കുടുംബങ്ങളിലായി 1615 പേർ ദുരിതത്തിന് വിധേയരായിട്ടുണ്ട്. അവർക്കുവേണ്ടി മൂന്നാർ- ദേവികുളം മേഖലയിൽ മൂന്ന് റിലീഫ് ക്യാമ്പുകൾ ആരംഭിച്ചിട്ടുണ്ട്. മരിച്ചവരുടെ ആശ്രിതർക്ക് 50,000 രൂപ വീതവും മരിച്ച കുട്ടികളുടെ ആശ്രിതർക്ക് 25,000 രൂപ വീതവും കൊടുത്തുകഴിഞ്ഞു. മണ്ണിടിച്ചിൽ വ്യാപകമായി ഇവിടെ നടന്നിട്ടുണ്ട്. അതുപോലെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. ദുരിതബാധിത കുടുംബങ്ങൾക്ക് ഒരു മാസത്തെ സൗജന്യറേഷൻ നൽകാൻ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു. വീട് പൂർണ്ണമായും നശിച്ചവർക്ക് 15,000 രൂപ കൊടുത്തുകൊണ്ടിരുന്നത് 30,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വീടും ഭൂമിയും കൂടി പോയിട്ടുള്ളവർക്ക് സർക്കാർ ഭൂമി ഉണ്ടെങ്കിൽ അവർക്ക് പത്ത് സെന്റ് വീതവും, വിലകൊടുത്ത് വാങ്ങിക്കൊടുക്കേണ്ടതാണെങ്കിൽ അഞ്ച് സെന്റ് വീതവും കൊടുക്കാനുള്ള നടപടി സ്വീകരിക്കും. 20 കോടി രൂപയുടെ നാശ നഷ്ടങ്ങളുണ്ടായിട്ടുണ്ട് എന്നാണ് ഇതുവരെ കിട്ടിയിട്ടുള്ള റിപ്പോർട്ട്. ഇപ്പോഴും മഴയും കാറ്റും ഉണ്ട്. മിലിട്ടറി സഹായം ആവശ്യപ്പെട്ടിരുന്നു. അടുത്ത ദിവസം മുതൽ മിലിട്ടറിയുടെ സഹായം ലഭ്യമാക്കിയിട്ടുണ്ട്. ഫലപ്രദമായ രീതിയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളും ലഭിക്കുന്നുണ്ട്. ഗവൺമെന്റിനെക്കൊണ്ട് ചെയ്യാവുന്ന ചില കാര്യങ്ങൾ ചെയ്തു. അവിടെ മന്ത്രിമാർ പോയി, ജനപ്രതിനിധികൾ പോയി. അവരിൽനിന്നൊക്കെ കിട്ടിയ നിർദ്ദേശങ്ങളെ ഗവൺമെന്റ് പരിഗണനയ്ക്ക് വച്ചു. പെട്ടെന്ന് ചെയ്യാവുന്നത് പെട്ടെന്ന് ചെയ്തുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം തന്നെ മറ്റുചില നിർദ്ദേശങ്ങൾകൂടി കിട്ടിയിട്ടുണ്ട്. ഇവിടെ അനധികൃതമായി നടക്കുന്ന കയ്യേറ്റങ്ങൾ, നിയന്ത്രണമില്ലാതെ നടക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ, പരിസ്ഥിതിപ്രശ്നങ്ങൾ, മൂന്നാറിലെ പ്രദേശത്തെ കാലവർഷക്കെടുതിയിൽനിന്നും ഉടലെടുത്തിട്ടുള്ള പ്രശ്നങ്ങൾ, ഇപ്പോഴത്തെ ദുരിതാശ്വാസ പ്രവർത്തനവും പുനരധിവാസ പ്രവർത്തനങ്ങളും സമയബന്ധിതമായി നടത്തുന്നതോടൊപ്പം ദൂരവ്യാപകമായിട്ടുള്ള ചില പ്രശ്നങ്ങൾകൂടി ഗവൺമെന്റിന്റെ ശ്രദ്ധിയിൽപ്പെട്ടിട്ടുണ്ട്. മന്ത്രിമാർ അവിടെ പോയി. ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും പോയ ജനപ്രതിനിധികൾ ഈ കാര്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസം സ്ഥലം സന്ദർശിച്ച കെ.പി.സി.സി. പ്രസിഡന്റ് എനിക്ക് എഴുതിത്തന്നിട്ടുണ്ട്. അതുകൊണ്ട് ഈ കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റ് എല്ലാ രാഷ്ട്രീയ പാർട്ടികളുമായും മറ്റ് പ്രധാന സംഘടനകളുമായും സംസാരിച്ച് അവയ്ക്ക് ശാശ്വതമായ പരിഹാരം ഉണ്ടാക്കും. യാതൊരു നിയന്ത്രണവുമില്ലാത്ത നിർമ്മാണപ്രവർത്തനങ്ങളും കൈയേറ്റങ്ങളും കൊണ്ടാണ് ഇതുപോലെയുള്ള കെടുതികൾ ഉണ്ടാകുന്നത് എന്ന വിശ്വാസം ജനങ്ങൾക്കുണ്ട്. അതുകൊണ്ട് ദീർഘകാലാടിസ്ഥാനത്തിൽ ഇതുപോലെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻവേണ്ടി ശ്രമിക്കും എന്ന് പറയാൻ ഞാൻ ഈയവസരം വിനിയോഗിക്കുകയാണ്.

പ്രതിപക്ഷനേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):* മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 136 അടി സാധാരണയുള്ളതിൽനിന്ന് കവിഞ്ഞ് വെള്ളം ഒഴുകുകയാണ്. അത് തുടർച്ചയായി ഒഴുകുമെന്ന സ്ഥിതി വന്നുകഴിഞ്ഞാൽ ഇടുക്കി ഡാംതന്നെ ഒലിച്ചുപോകും. നമ്മുടെ വൈദ്യുതിസംവിധാനങ്ങളാകെ തകരാറിലാകും. ഇത് ഇടുക്കി, എറണാകുളം, കോട്ടയം എന്നിവിടങ്ങളിലുള്ള ലക്ഷക്കണക്കിന് ആളുകളെ ബാധിക്കും. അതുപോലെ മുല്ലപ്പെരിയാർ ഡാം പൊട്ടിയൊഴുകാനിടയായാൽ ഉൽക്കണ്ഠാജനകമായ സ്ഥിതിയാണ് ഉണ്ടാകാൻ പോകുന്നത്. അതിന് അടിയന്തിരമായി, അണക്കെട്ട് സുരക്ഷിതമായി

നിലനിർത്തുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയേണ്ടിയിരിക്കുന്നു. എല്ലാ പത്രങ്ങളിലും വന്നിട്ടുള്ള വാർത്തകൾ വളരെ ഉൽക്കണ്ഠാജനകമാണ്. ഇതുസംബന്ധിച്ച് ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് സഭയ്ക്ക് അറിയാൻ താൽപ്പര്യമുണ്ട്.

ശ്രീ. പി. ടി. തോമസ്: ഇടുക്കി ജില്ലയിൽ ഏകദേശം പതിനാറോളം അണക്കെട്ടുകളുണ്ട്. മിക്കവാറും അണക്കെട്ടുകൾ നിറഞ്ഞു കവിഞ്ഞിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ തൊടുപുഴ പുഴയും മലങ്കര ഡാമും നിറഞ്ഞുകവിഞ്ഞിരിക്കുകയാണ്. തൊടുപുഴയിൽ വളരെയേറെ സ്ഥലത്ത് വെള്ളം കയറി. കോഴിപ്പള്ളി എന്ന സ്ഥലത്ത് ഉരുൾപൊട്ടലുണ്ടായി വലിയ ദുരന്തമുണ്ടായി. മുല്ലപ്പെരിയാർ കവിഞ്ഞ് വരുന്ന വെള്ളം ഇടുക്കിയിലും ചെറുതോണിയിലുമൊക്കെ വളരെ പ്രശ്നങ്ങളുണ്ടാക്കും. പ്രതിപക്ഷ നേതാവ് പറഞ്ഞപോലെ ഇടുക്കി ഡാം പൊട്ടുമെന്നുള്ള ഭയാശങ്കയ്ക്ക് കാര്യമില്ലെങ്കിലും ഗുരുതരമായ അവസ്ഥ അവിടെയുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ഗവൺമെന്റിന്റെ എല്ലാ ശക്തികളും അങ്ങോട്ട് കേന്ദ്രീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ഇ. എം. അഗസ്തി: മുല്ലപ്പെരിയാർ ഡാം എന്റെ നിയോജക മണ്ഡലത്തിലാണ്. മുല്ലപ്പെരിയാർ ഡാം കവിഞ്ഞൊഴുകുകയാണെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയിൽ ഉന്നയിച്ച പ്രശ്നത്തിൽ അദ്ദേഹം പ്രകടിപ്പിച്ച എല്ലാ ആശങ്കയിലും ഞാൻ പങ്കുചേരുകയാണ്. പക്ഷേ, എന്റെ മണ്ഡലത്തിലെ ജനപ്രതിനിധി എന്ന നിലയിൽ സഭയിൽ ഒരു കാര്യം അറിയിക്കുകയാണ്. 136 അടിയിൽ കവിഞ്ഞാൽ വെള്ളം തുറന്നുവിടാനുള്ള സംവിധാനം ഉണ്ടാക്കണമെന്നാണ് കരാർ. അതനുസരിച്ച് ഒരടി വെള്ളമാണ് തുറന്നുവിട്ടിരിക്കുന്നത്. തുറന്നുവിടാതിരിക്കാൻ സാധ്യമല്ല. തുറന്നു വിടാതിരുന്നാൽ ബലക്ഷയമുള്ള അണക്കെട്ട് കൂടുതൽ അപകടകാരിയാകും എന്നുള്ളതാണ് യാഥാർത്ഥ്യം. ഒരടി വെള്ളം തുറന്നുവിട്ടതുകൊണ്ട് യാതൊരു ഭീഷണിയുമില്ല. മുല്ലപ്പെരിയാർ അണക്കെട്ട് തകരുമെന്നും അതുവഴി ഇടുക്കി ഡാമിന് പ്രശ്നമുണ്ടാകുമെന്നും പറഞ്ഞ പ്രതിപക്ഷ നേതാവിനോട് ഞാൻ വിയോജിക്കുകയാണ്. ദയവായി സഭയിൽ പറയരുത്. ആളുകൾക്ക് വലിയ ഭയാശങ്കയുണ്ടാകും. ഡാമിന്റെ ഡൗൺസ്ട്രീമിൽ താമസിക്കുന്ന ആളുകളുടെ സുരക്ഷിതത്വത്തിന്റെ പ്രശ്നമാണ്. വ്യക്തതയില്ലാതെ കാര്യങ്ങൾ പറഞ്ഞ് സഭയെയും സംസ്ഥാനത്തെ ജനങ്ങളെയും തെറ്റിദ്ധരിപ്പിക്കുകയും ജനങ്ങൾക്ക് ഭയാശങ്കയുണ്ടാക്കുന്നതുമായ സാഹചര്യം ഒഴിവാക്കണം എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പ്രതിപക്ഷ നേതാവും പീരുമേട് മെമ്പർ ശ്രീ. ഇ.എം. അഗസ്തിയും തൊടുപുഴ മെമ്പർ ശ്രീ. പി.ടി. തോമസും മുല്ലപ്പെരിയാർ ഡാമിന്റെ കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. 136 അടി വെള്ളമാണ് അവിടെ ശേഖരിക്കുന്നത്. 1979 മുതൽ നമ്മളെടുത്ത നിലപാട് അതാണ്. അത് കുറച്ചുകൂടി വർദ്ധിപ്പിക്കാൻ തമിഴ്നാട് ശ്രമിക്കുന്നുണ്ട്. സെൻട്രൽ വാട്ടർ കമ്മീഷൻ 143 എന്നുള്ള സജഷൻ പറഞ്ഞിട്ടുണ്ട്. പക്ഷേ, ഡാമിന്റെ സേഫ്റ്റി കണക്കിലെടുത്തുകൊണ്ട് നമ്മൾ എടുത്തിരിക്കുന്ന നിലപാട് 136 അടി എന്നുള്ളതാണ്. അത് കൂടുതൽ ഉയരുമ്പോൾ സ്പിൽവേ വഴി പോകാൻ അനുവദിക്കും. അങ്ങനെ വന്നാൽ ഈ വെള്ളം ഇടുക്കി ഡാമിൽ സംഭരിക്കാനുള്ള സംവിധാനമുണ്ട്. കാരണം, ഇടുക്കിയിൽ നമുക്ക് 70 ടി.എം.സി. വെള്ളം ശേഖരിക്കാനുള്ള കപ്പാസിറ്റിയുണ്ട്. മുല്ലപ്പെരിയാറിന് 15 ടി.എം.സി. മാത്രമേയുള്ളു കപ്പാസിറ്റി. അതുകൊണ്ട് ഇപ്പോഴവിടെ 136 അടി ആയ സ്ഥിതിക്ക് വെള്ളം കവിഞ്ഞൊഴുകുകയാണ്. ഇടുക്കിയിൽ മഴ തുടങ്ങിയ സമയത്ത് 56% വെള്ളമേ ഉണ്ടായിരുന്നുള്ളു.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*: ഇന്നലെ ഇടുക്കിയിൽ കപ്പാസിറ്റിയുടെ 56.67% വെള്ളമേ ഉള്ളു. കക്കിയിൽ 60.99%, ഗുണ്ടാല 46.62%, മാട്ടുപ്പെട്ടി 55.96%, ഇടമലയാർ 67.95%, ഷോളയാർ 81.47%. നമ്മുടെ ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിലുള്ള എല്ലാ ഡാമുകളും കൂട്ടിയാൽ ഇന്നലെവരെ 59.38% സ്റ്റോറേജേ വരുന്നുള്ളു. പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യംതന്നെ ശ്രീ. ജോർജും പറയുന്നു. മുല്ലപ്പെരിയാർ ഡാം പൊട്ടിക്കഴിഞ്ഞാൽ ഇടുക്കിക്ക് താങ്ങാൻ കഴിയില്ല എന്നുള്ളത് സത്യം. പക്ഷേ, പൊട്ടുമോ ഇല്ലയോ എന്നുള്ളതാണ് പ്രശ്നം. ഇവിടെയുള്ള ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ജോർജും എല്ലാവരും മുല്ലപ്പെരിയാർ ഡാം പൊട്ടിക്കഴിഞ്ഞാൽ ഒന്നിച്ചു വെള്ളംവന്നാൽ ഇടുക്കിക്ക് താങ്ങാൻ കഴിയില്ല എന്നുള്ളതാണ് പറഞ്ഞത്. മുല്ലപ്പെരിയാർ ഡാം പൊട്ടുമോ ഇല്ലയോ എന്നൊന്നും നമുക്ക് പറയാൻ കഴിയില്ല. മെമ്പർമാർ ഉന്നയിച്ച കാര്യത്തിൽ അന്വേഷിക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. അങ്ങനെ വന്നാലുള്ള സാഹചര്യം നേരിടുന്നതിന് നടപടി കൈക്കൊള്ളും.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ 136 അടിക്കുമേൽ വരുന്നത് സ്പിൽവേ വഴി പോകാനുള്ള നടപടികളുണ്ട്. ലീക്കേജിനെ സംബന്ധിച്ചും മറ്റ് കാര്യങ്ങളെ സംബന്ധിച്ചും പറഞ്ഞു. ചീഫ് എൻജിനീയറുടെ നേതൃത്വത്തിൽ അത് അന്വേഷിക്കാൻ ഒരു സംഘത്തെ അങ്ങോട്ട് അയയ്ക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഈ സഭയിലെ മെമ്പർമാർക്ക് നൽകാനുള്ള ഉറപ്പ് അവിടെ 136 അടിയിൽ കൂടുതൽ വെള്ളം ശേഖരിക്കാൻ സമ്മതിക്കില്ല. അത് ഞാൻ ഉറപ്പ് പറയുന്നു. അത് വളരെ വ്യക്തമാണ്. ഒരു കാരണവശാലും 136 അടിയിൽ കൂടുതൽ വെള്ളം ശേഖരിക്കാൻ സാഹചര്യം ഉണ്ടാകില്ല എന്ന് ഉറപ്പ് പറയുന്നു. 136 അടിയിൽ കൂടും എന്ന് കണ്ടപ്പോൾ തന്നെ വെള്ളം തുറന്നു വിടുന്നതിനുവേണ്ട സംവിധാനമാണ് ഉണ്ടാക്കിയിട്ടുള്ളത്. അങ്ങനെ വെള്ളം വന്നാലും ഇവിടെ ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞതുപോലെ ഇടുക്കി ഡാമിൽ ആ വെള്ളം നമുക്ക് അഡീഷണലായിട്ട് കിട്ടുന്ന വെള്ളമായി വരികയല്ലാതെ ഇടുക്കി ഡാമിന് അത് സംബന്ധിച്ച് പ്രശ്നമൊന്നുമില്ല. എന്നാലും ഇതിന്റെ രണ്ടു കരയിലും താമസിക്കുന്നവർക്ക് മുന്നറിയിപ്പ് കൊടുത്തിട്ടുണ്ട്. ഏതെങ്കിലും തരത്തിൽ ഡാമിന് ബലക്ഷയം ഉണ്ടാകുമെന്ന രീതിയിലല്ല, മഴകൊണ്ട് വെള്ളം വരുന്ന കൂട്ടത്തിൽ ഡാമിൽ നിന്ന് തുറന്നുവിടുന്ന വെള്ളംകൂടി വരുമ്പോൾ അതിന്റെ ഇരു കരയിലും താമസിക്കുന്നവർ കരുതലോടെ ഇരിക്കുന്നതിന് മൈക്ക് അനൗൺസ്മെന്റ് നടത്തിയും അവിടുത്തെ വിവിധ സംഘടനകൾ വഴിയും നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുപോലെ ഇതിന്റെ സേഫ്റ്റി ഒന്നുകൂടി ഉറപ്പു വരുത്താൻവേണ്ടി ജലവിഭവവകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞപോലെ സ്ട്രക്ചറൽ സേഫ്റ്റി ഒന്നുകൂടി പരിശോധിക്കാൻ ഐ.ഡി.ആർ.ബി.-യുടെ ചീഫ് എൻജിനീയറുടെ നേതൃത്വത്തിൽ ഒരു ടീം ഇവിടെനിന്ന് പോയിട്ടുണ്ട്. അതു സംബന്ധിച്ച് ഇന്നത്തെ നിലയിൽ ഒരു ഭയാശങ്കയുടേയും ആവശ്യമില്ല. ആവശ്യമില്ലാത്ത ഭീതിയുണ്ടാക്കി ഒരു സാഹചര്യം ഉണ്ടാക്കരുത് എന്നു പറഞ്ഞ ശ്രീ. ഇ. എം. അഗസ്തിയുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. അതേസമയം എപ്പോഴും നമ്മൾ കരുതലോടെ ഇരിക്കണം. എല്ലാ കരുതലുകളും നമ്മൾ എടുത്തിട്ടുണ്ട്. ഒരു കാരണവശാലും മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 136 അടിയിൽനിന്ന് ഉയരാൻ സമ്മതിക്കില്ല.

മി. ചെയർമാൻ: ശ്രീ. എ. സി. ഷൺമുഖദാസ് വളരെ ചുരുക്കണം. ഇത് ഇന്ന് തന്നതാണ്. ..... (ബഹളം) ..... ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളല്ലേ? പ്ലീസ് ..... (ബഹളം) ..... ചാർട്ട് ചെയ്തതാണ്. പക്ഷേ വെള്ളപ്പൊക്കമാണല്ലോ ഏറ്റവും അടിയന്തിരപ്രശ്നം. അതുകൊണ്ടാണ് അവരെ വിളിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയണം. പ്ലീസ് ..... (ബഹളം) ..... പ്ലീസ് .....